:പൂർവ്വം തെറ്റായ വിവരം നൽകുന്നവരെ ശിക്ഷിക്കാനുള്ള നിർദ്ദേശമുണ്ട്. ഇവ നിരപരാധികളെ ശിക്ഷിക്കാനുള്ളതാണെന്ന വാദം ശരിയല്ല.

(എഫ്) പരിശോധിക്കുന്നതാണ്.

10 (*130) "കാലവർഷക്കെടുതി നേരിടാൻ കൈക്കൊണ്ട നടപടി"

ശ്രീ. പി. രാഘവൻ :
ശ്രീ. എ. കണാരൻ :
ശ്രീ. എൻ. കണ്ണൻ :
ശ്രീ. സി.കെ. രാജേന്ദ്രൻ :
ശ്രീമതി ജെ. മേഴ്സിക്കുട്ടിഅമ്മ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടിനൽകുമോ:

(എ) കാലവർഷക്കെടുതി നേരിടാൻ സർക്കാർ കൈക്കൊണ്ട നടപടി എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് ഈ വർഷം കാലവർഷക്കെടുതിമൂലം ഉണ്ടായിട്ടുള്ള നാശനഷ്ടങ്ങളുടെ കണക്ക് തിട്ടപ്പെടുത്തിയിട്ടുണ്ടോ;

(സി) എങ്കിൽ ഓരോ മേഖലയിലും ഉണ്ടായിട്ടുള്ള നഷ്ടങ്ങളുടെ കണക്ക് വെളിപ്പെടുത്തുമോ;

(ഡി) കാലവർഷക്കെടുതിമൂലം മരണപ്പെട്ടവരുടെ ആശ്രിതർക്കും പരിക്കേറ്റവർക്കും വീട് നഷ്ടപ്പെട്ടവർക്കും മറ്റും എന്തെല്ലാം ആശ്വാസ നടപടികളാണ് സർക്കാർ കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഇ) കാലവർഷക്കെടുതിമൂലം കൃഷിനാശം സംഭവിച്ച കർഷകരെ സഹായിക്കാൻ റവന്യൂ വകുപ്പ് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തുന്നതിനും ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ള സഹായം അർഹരായവർക്ക് തന്നെ ലഭിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) :

(എ) ഇക്കൊല്ലത്തെ കാലവർഷം മുന്നിൽ കണ്ടുകൊണ്ട് കെടുതികൾ ഉണ്ടാകുമ്പോൾ സ്വീകരിക്കേണ്ട ആശ്വാസ നടപടികൾ സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ 20.5.2000-ൽ എല്ലാ ജില്ലാ കളക്ടർമാർക്കും നല്കി. ഇതിൻ പ്രകാരം പ്രകൃതിക്ഷോഭമുണ്ടാകാനിടയുള്ള പ്രദേശങ്ങൾ കണ്ടെത്തുന്നതിനും മുൻകൂട്ടൽ നടപടികളുടെ ഭാഗമായി ദുരിതാശ്വാസ പ്രവർത്തന സംവിധാനം പ്രവർത്തനോന്മുഖമായി സജ്ജീകരിക്കുവാനും വേണ്ടത്ര ക്ഷേമ സാധനങ്ങൾ റേഷൻകടകളിൽ സ്റ്റോക്ക് ചെയ്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തുവാനും ദുരിതബാധിതരെ പുനരധിവസിപ്പിക്കേണ്ടി വന്നാൽ ഉപയോഗിക്കുന്നതിനായി പൊതു കെട്ടിടങ്ങൾ, സ്കൂളുകൾ, കമ്മ്യൂണിറ്റി ഹാളുകൾ തുടങ്ങിയവ കണ്ടെത്തി അവ ദുരിതാശ്വാസ കേന്ദ്രങ്ങളായി ഉപയോഗിക്കാനായി സജ്ജമാക്കുന്നതിനും, കടലാക്രമണംമൂലം ദുരിതമനുഭവിക്കുന്നവരെ മാറ്റി പാർപ്പിക്കുവാനും ദുരിതാശ്വാസകേന്ദ്രങ്ങളിൽ ആഹാരം, വസ്ത്രം, വൈദ്യസഹായം തുടങ്ങിയവ നല്കുന്നതിനായി ക്രമീകരണങ്ങൾ നടത്തുവാനും

LIBRARY ARCHIVES Kerala Legislative Assembly

അർഹമായ കുടുംബങ്ങൾക്ക് ഒരാഴ്ചത്തെ സൗജന്യ റേഷൻ അനുവദിച്ചു നല്കുവാനും മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ തുടങ്ങിയവമൂലം ഉള്ള ഗതാഗത തടസ്സം ഉടനടി തീർക്കുന്നതിനുള്ള ഏർപ്പാടുകൾ ഉണ്ടാക്കണമെന്നും ഗതാഗതം പുന:സ്ഥാപിക്കും വരെ പകരമുള്ള റൂട്ടുകൾ കണ്ടെത്തുന്നതിനും വാർത്താവിനിമയം തടസ്സപ്പെട്ടാൽ അതിന് പകരം സംവിധാനം കണ്ടെത്തുവാനും നിർദ്ദേശിച്ചിട്ടുണ്ട്.

(ബി)&(സി) 516 വീടുകൾ പൂർണ്ണമായി തകർന്നതുമൂലം 91.79 ലക്ഷം രൂപയുടേയും 4184 വീടുകൾ ഭാഗികമായി തകർന്നതുമൂലം 230.37 ലക്ഷം രൂപയുടേയും നഷ്ടം കണക്കാക്കുന്നു. മറ്റു കണക്കുകൾ പൂർണ്ണമായി തിട്ടപ്പെടുത്തിയിട്ടില്ല. കാർഷിക മേഖലയിൽ തിരുവനന്തപുരം, കണ്ണൂർ, ജില്ലകളിലൊഴികെ ഉള്ള നഷ്ടം 1393.19 ലക്ഷമാണ്. വിശദമായ കണക്ക് കൃഷിവകുപ്പ് കണക്കാക്കി വരുന്നതേയുള്ളൂ. കടലാക്രമണംമൂലമുള്ള നഷ്ടവും കണക്കാക്കി വരുന്നണ്ടു്. ഇതേവരെ ലഭ്യമാക്കിയിട്ടുള്ള നാശനഷ്ടങ്ങളുടെ ജില്ലതിരിച്ചുള്ള കണക്ക് അനുബന്ധമായി† വച്ചിരിക്കുന്നു.

(ഡി) പ്രകൃതിക്ഷോഭംമൂലം മരണമടയുന്ന മുതിർന്ന ആളുകളുടെ കുടുംബത്തിന് 30,000/- രൂപ വീതവും കുട്ടികളുടെ കുടുംബത്തിന് 10,000/- രൂപ വീതവുമാണ് നല്കുന്നത്. പരിക്കേറ്റവർക്ക് സർക്കാർ ആശുപത്രിക്ക് പുറത്തുപോയി ചികത്സിക്കേണ്ടിവന്നാൽ പരമാവധി 1,500/- രൂപ വരെയും നൽകുന്നുണ്ട്. പൂർണ്ണമായി തകർന്ന വീട് പുനർനിർമ്മിക്കുന്നതിനായി 15,000/- രൂപ മൂന്ന് ഗഡുക്കളായി നല്കും. ഭാഗികമായി നാശം വന്ന വീടുകൾക്ക് നഷ്ടത്തോതനുസരിച്ച് പരമാവധി 5,000/- രൂപ വരെയും നല്കുന്നുണ്ട്.

(ഇ) കൃഷിവകുപ്പ് തിട്ടപ്പെടുത്തുന്ന കണക്കുകളുടെ അടിസ്ഥാനത്തിൽ ഓരോ വിളയ്ക്കും നിശ്ചയിച്ചിട്ടുള്ള നിരക്കിലുള്ള തുക ജില്ലാ കളക്ടർമാർ മുഖേനയാണ് നൽകി വരുന്നത്. ഇക്കാര്യത്തിനായി പുതിയ പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല.

(എഫ്) ജില്ലാ കളക്ടർമാരുടെ മേൽനോട്ടത്തിലാണ് ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തിവരുന്നത്. ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ നാശനഷ്ടങ്ങളും മറ്റും നേരിട്ട് പരിശോധന നടത്തിയശേഷം തിട്ടപ്പെടുത്തുന്ന നഷ്ടകണക്കുകൾ പരിഗണിച്ചാണ് വീടുകൾ നഷ്ടപ്പെട്ടവർക്കും കൃഷിനാശം സംഭവിച്ചവർക്കും ധനസഹായം അനുവദിക്കുന്നത്. അർഹതയായവർക്കു മാത്രമേ ധനസഹായം നൽകുന്നുള്ളുവെന്നു ഉറപ്പുവരുത്തണമെന്ന് തഹസീൽദാർമാർക്ക് ജില്ലാ കളക്ടർമാർ നിർദ്ദേശവും നല്കിയിട്ടുണ്ട്.

11 (*131) അംഗൻവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി

<u>ശ്രീ. ലോനപ്പൻ നമ്പാടൻ</u> :
<u>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ</u> :
<u>ശ്രീ. എൻ. കണ്ണൻ</u> :
<u>ശ്രീ. രാജു എബ്രഹാം</u> :
<u>ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly